# സ്കൂളുകളിൽ ടൂത്ത് പേസ്റ്റ് വില്പന

# കോൾഗേറ്റും ഡോക്ടർമാരും കൈകോർക്കുന്നു

കെ. ബിലാൽബാബു

"പ്രിയപ്പെട്ട മാതാപിതാക്കളേ, നിങ്ങളുടെ കുട്ടി ദന്തപരിപാലനത്തെപ്പറ്റി ഇപ്പോൾ സ്കൂളിൽ പഠിക്കുന്നുണ്ട്. നിങ്ങളുടെ കുട്ടിക്ക് പല്ലും മോണകളും സംരക്ഷിക്കാനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം ദിവസത്തിൽ രണ്ട് തവണ 'കോൾഗേറ്റ് ടൂത്ത് പേസ്റ്റ്' കൊണ്ട് പല്ലുകൾ ബ്രഷ് ചെയ്യുക എന്നതാണ്" - മലപ്പുറം ജില്ലയിലെ എൽ.പി.സ്കൂളുകൾ വഴി വിതരണം ചെയ്യപ്പെട്ട ലഘുലേഖയാണ് രക്ഷിതാക്കളെ ഇങ്ങനെ 'ബോധവൽക്കരിക്കുന്നത്'. ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ (ഐ.ഡി.എ) മലബാർ ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദന്തസംരക്ഷണ വാരാചരണത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടത്തുന്ന ബോധവൽക്കരണ പരിപാടിയിൽ വിതരണം ചെയ്ത സൗജന്യ 'ദന്തസംരക്ഷണ കിറ്റി'നൊപ്പമാണ് ലഘുലേഖ വീടുകളിലെത്തിയത്. കോൾഗേറ്റിന്റെ 25 ഗ്രാം പേസ്റ്റും ബ്രഷുമാണ് കുട്ടികൾക്ക് കിറ്റിലൂടെ നൽകുന്നത്.

എങ്ങനെ പല്ല് തേക്കണമെന്ന് ചിത്രീകരിക്കുന്ന 'ടൂത്ത് ബ്രഷിംഗ് ചാർട്ടും' ലഘുലേഖയോടൊപ്പമുണ്ട്. ദന്തസംരക്ഷണത്തിനുള്ള സുവർണ്ണനിയമങ്ങൾ വിശദീകരിക്കുമ്പോൾ നല്ല ടൂത്ത് പേസ്റ്റും ബ്രഷും എന്നിടത്ത് കോൾഗേറ്റിന്റെ ചിത്രമാണ് നൽകിയിരിക്കുന്നത്.

പരിപാടി സ്പോൺസർ ചെയ്ത



ത് കോൾഗേറ്റ് കമ്പനിയാണ് എന്നതിനാലാണ് ആ കമ്പനിയുടെ പേസ്റ്റും ബ്രഷും സ്കൂളുകളിൽ വിതരണം ചെയ്തത് എന്നാണ് ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെ വിശദീകരണം. 25 വർഷത്തോളമായി അഖിലേന്ത്യാതലത്തിൽ നടത്തിവരുന്ന ഈ പരിപാടി സ്പോൺസർ ചെയ്യാൻ മറ്റേതെങ്കിലും കമ്പനി തയ്യാറായാൽ അവരുടെ ഉല്പന്നങ്ങൾ വിതരണം ചെയ്യാമെന്ന് അസോസിയേഷൻ പറയുന്നു.

എന്നാൽ പുതിയ ഒരു ഉല്പന്നം സ്കൂൾവിദ്യാർത്ഥികളിലൂടെ പരീക്ഷിക്കുകയാണ് 'കോൾഗേറ്റ്' ചെയ്യുന്നതെന്ന് ആരോഗ്യപ്രവർത്തകർ ആരോപിക്കുന്നു. ഐ.ഡി.എയെ കൂട്ടുപിടിച്ച് തങ്ങളുടെ പരസ്യപ്രചാരണപരിപാടിക്ക് വിശ്വാസ്യത വർദ്ധിപ്പിച്ച് സ്കൂളുകളിലൂടെ വില്പന നടത്തുന്ന കോൾഗേറ്റിന്റെ വിവാദമായ പഴയ വിപണനതന്ത്രം തുടരുന്നു എന്നതന്നെയാണ് ഇത് സൂചിപ്പിക്കുന്നത്.

ടൂത്ത് പേസ്റ്റുകൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ വെളിപ്പെട്ടിരിക്കേ, കുട്ടികളിലൂടെയുള്ള പേസ്റ്റ് വിതരണത്തിന് ഡോക്ടർമാർ കൂട്ടുനിൽക്കുന്നു എന്നതും സ്കൂളുകൾ ഇത്തരം ഉല്പന്നങ്ങളുടെ കച്ചവടകേന്ദ്രമാകുന്നു എന്നതും പിന്നെയും ചോദ്യം ചെയ്യപ്പെടുകയാണ്. ദന്തസംരക്ഷണത്തിൽ താരതമ്യേന മികച്ച നിലവാരം പുലർത്തുന്ന കേരളത്തിൽ ദന്തസംരക്ഷണത്തിന്റെ സന്ദേശവുമായി ഡോക്ടർമാർ രംഗത്തിറങ്ങുന്നതു തന്നെ സംശയമുണർത്തേണ്ടതാണെന്ന് വാദമുയരുന്നുണ്ട്. ദന്തഡോക്ടർമാരുടെ എണ്ണക്കൂടുതൽ സൃഷ്ടിക്കുന്ന തൊഴിൽപ്രശ്നത്തെ അതിജീവിക്കാനുള്ള പരിശ്രമമായി അത് വിലയിരുത്തപ്പെടുന്നു. കമ്പനികളുടെ കച്ചവടതന്ത്രത്തിന് കൂട്ടുനിന്നുകൊണ്ട് ധാർമ്മികത പണയപ്പെടുത്തുന്ന ഡോക്ടർമാരെ ബഹിഷ്കരിക്കാനും അവരെ പൊതുജനങ്ങൾക്കു മുന്നിൽ തുറന്നുകാണിക്കാനും മലപ്പുറത്തെ ചില ആരോഗ്യപ്രവർത്തകർ തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരം ഡോക്ടർമാർക്കെതിരെ നിയമനടപടി സ്വീകരിക്കാനും അവർ മുന്നിട്ടിറങ്ങിയിട്ടുണ്ട്.